LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

2005 മാർച്ച് 30, ബുധൻ

വാല്യം CXXIV] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 30

നിയമസഭ 2005 മാർച്ച് മാസം 30-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തേറമ്പിൽ രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ, ഓർഡർ.....

ഗാർഹിക ഗാർഹികേതര വ്യാവസായിക ആവശ്യങ്ങൾക്കുള്ള സീവറേജ് കണക്ഷൻ

*1 [652] *ശ്രീ. കെ. സി. ജോസഫ്:*
,, *എ. കെ. മണി:*
,, *വർക്കല കഹാർ:*
,, *സി. പി. മുഹമ്മദ്:*
,, *എം. എ. വാഹീദ്* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാർഹിക ഗാർഹികേതര വ്യാവസായിക ആവശ്യങ്ങൾക്കുള്ള സീവറേജ് കണക്ഷനുവേണ്ടിയുള്ള അപേക്ഷകൾ ലൈസൻസ്ഡ് പ്ലംബർ മുഖേന നൽകണമെന്ന് വ്യവസ്ഥയുണ്ടോ;

(ബി) ഈ വ്യവസ്ഥയനുസരിച്ച് ഇത്തരം അപേക്ഷകൾ പ്ലംബർ തന്നെ വാട്ടർ അതോറിറ്റിയുടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് നേരിട്ട് നൽകണമെന്നുണ്ടോ;

(സി) സീവറേജ് കണക്ഷനോ സീവറേജ് ബ്രാഞ്ചിലേക്കുള്ള കണക്ഷന്റെ അലൈൻമെന്റ് മാറ്റുന്നതിനോ ഉള്ള അപേക്ഷകൾ പ്ലംബർമാർമുഖേന മാത്രമേ

LIBRARY ARCHIVES Kerala Legislative Assembly

സമർപ്പിക്കാനാവു എന്ന കാരണം പറഞ്ഞ് യഥാർത്ഥത്തിൽ ഇതിനുവരുന്ന ചെലവിന്റെ പലമടങ്ങു തുക യഥാർത്ഥ അപേക്ഷകരിൽനിന്നും പ്ലംബർമാർ വാങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സീവറേജ് കണക്ഷന്റെയോ കണക്ഷൻ മാറ്റി സ്ഥാപിക്കുന്നതിന്റെയോ സാങ്കേതികവശങ്ങളെക്കുറിച്ച് ഒരു ലൈസൻസ്ഡ് പ്ലംബർ അപ്രൂവ് ചെയ്ത അപേക്ഷ, അപേക്ഷകൻ തന്നെ ബന്ധപ്പെട്ട ഓഫീസിൽ നൽകണമെന്ന് നിർദ്ദേശം കൊടുക്കുമോ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)*: സർ,

(എ) ഉണ്ട്.

(ബി) പൂരിപ്പിച്ച അപേക്ഷകൾ ലൈസൻസ്ഡ് പ്ളംബറുടെ അംഗീകാരത്തോടുകൂടി, അപേക്ഷകനോ മറ്റേതെങ്കിലും വ്യക്തിക്കോ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് നേരിട്ട് നൽകാവുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പ്ലംബർ അപ്രൂവ് ചെയ്ത് അപേക്ഷകനോ മറ്റേതെങ്കിലും വ്യക്തിക്കോ നൽകാമെന്നാണ് നിലവിലുള്ള വ്യവസ്ഥ.

ശ്രീ. കെ. സി. ജോസഫ്: സർ, ശുദ്ധജലക്ഷാമം കൂടുതലായിട്ടുള്ള ഈ കാലഘട്ടത്തിൽ പുതിയതായി ഗാർഹിക ആവശ്യങ്ങൾക്ക് കണക്ഷൻ നൽകേണ്ടതില്ലെന്ന വല്ല നിർദ്ദേശവും ഗവൺമെന്റ് കൊടുത്തിട്ടുണ്ടോ? ഉണ്ടെങ്കിൽ ശുദ്ധജലം ലഭ്യമായ പ്രദേശങ്ങളിലെങ്കിലും ആ നിയന്ത്രണം വേണ്ടെന്ന് വയ്ക്കാൻ തയ്യാറാകുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, രൂക്ഷമായ വരൾച്ചയാണെന്നുള്ള പശ്ചാത്തലം നിലനിൽക്കുന്നു എന്നതിനെ അങ്ങും appreciate ചെയ്യും എന്നെനിക്കറിയാം. ഫീസിബിലിറ്റി നോക്കി കണക്ഷൻ കൊടുക്കുന്നതിന് ഗവൺമെന്റിന് വിരോധമില്ല. പക്ഷേ ഫീസിബിൾ അല്ലാത്ത സ്ഥലത്ത് എക്സ്റ്റൻഷൻ വന്നാൽ വരൾച്ച അനുഭവപ്പെടുന്ന സ്ഥലത്ത് നിലവിലുള്ള ആളുകൾക്ക് ആ സൗകര്യം കുറഞ്ഞുപോകും. അതുകൊണ്ട് കണക്ഷൻ നൽകുന്നതിനുമുമ്പായി ഫീസിബിലിറ്റി കൂടി ശ്രദ്ധിക്കണമെന്ന് പറഞ്ഞിട്ടുണ്ട്.

ശ്രീ. കെ. സി. ജോസഫ്: സർ, നഗരങ്ങളിൽ പുതിയതായി നിർമ്മിക്കുന്ന Multi storied commercial flats, അവർ മെയിൻ ലൈനിൽ നിന്ന് വ്യാപകമായി വെള്ളം ഊറ്റിയെടുത്ത് അവരുടെ അണ്ടർഗ്രൗണ്ട് ടാങ്കിലും ഓവർഹെഡ് ടാങ്കിലും സ്റ്റോർ ചെയ്യുന്നതുമൂലം ആ മേഖലയിലെ ചെറുകിട ഗാർഹിക

ആവശ്യക്കാർക്കുണ്ടാകുന്ന പ്രയാസങ്ങൾ കണക്കിലെടുത്ത് ഇത്തരം Multi storied commercial flats-ന് നൽകുന്ന വെള്ളത്തിന്റെ കാര്യത്തിൽ ഒരു നിയന്ത്രണം ഏർപ്പെടുത്താൻ തയ്യാറാകുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : അങ്ങ് പറഞ്ഞത് വളരെ കറക്റ്റാണ്. ഇക്കാര്യത്തിൽ വാട്ടർ അതോറിറ്റി ഒരു പുതിയ നിബന്ധന കൊണ്ടുവന്നിട്ടുണ്ട്. Multi storied ഫ്ളാറ്റുകൾക്ക് ഒരു പൊതുവായ കെട്ടിടത്തിന്റെ കണക്ഷൻ കൊടുക്കുന്നതിന് വേണ്ടി ഒരു ഡെപ്പോസിറ്റ് സ്കീം നമ്മൾ കൊണ്ടുവന്നിട്ടുണ്ട്. ഒരു കെട്ടിടത്തിനെ ഒരു യൂണിറ്റാക്കി ആദ്യം എടുത്തുകൊണ്ട് കൂടുതൽ ഡെപ്പോസിറ്റ് വാങ്ങുകയും അതോടൊപ്പം തന്നെ ഓരോ ഫ്ളാറ്റിലും താമസിക്കുന്ന വ്യക്തികൾക്ക് പ്രത്യേക കണക്ഷൻ കൊടുക്കുന്നതിന് വേണ്ടി പ്രത്യേകം ഫീസും ഈടാക്കുന്നതാണ്. ഈ Multi storied flats ഒരു പ്രത്യേക സംവിധാനമായി അടുത്തകാലത്ത് ഡെവലപ്പ് ചെയ്ത് വന്നതുകൊണ്ട് വാട്ടർ അതോറിറ്റിയുടെ നിബന്ധനകളിൽ ഇതുപോലൊരു ചെയ്ഞ്ച് വരുത്തിയിട്ടുണ്ട്.

ശ്രീ. എ. കെ. മണി: സർ, ഗാർഹിക ഉപഭോഗത്തിനുള്ള കണക്ഷൻ ലഭിക്കാൻവേണ്ടി ധാരാളം അപേക്ഷകൾ കെട്ടിക്കിടക്കുന്നുണ്ട്. ഇക്കാര്യത്തിൽ ഓർഫനേജുകളെ കാര്യമായി പരിഗണിക്കുന്നില്ല. ഗാർഹിക ഉപഭോഗത്തിനുള്ള കണക്ഷൻ കൊടുക്കുമ്പോൾ പാവപ്പെട്ട കുട്ടികൾ പഠിക്കുന്ന ഓർഫനേജുകളെ കൂടി പരിഗണിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഇപ്പോൾ മൂന്ന് റേറ്റിലുള്ള ഫീസാണ് ഈടാക്കി വരുന്നത്. ഒന്ന്, ഗാർഹിക കണക്ഷൻ, രണ്ട്, നോൺ-ഡൊമസ്റ്റിക് കണക്ഷൻ, മൂന്ന്, ഇൻഡസ്ട്രിയൽ കണക്ഷൻ. ഓർഫനേജ് പോലുള്ള സ്ഥാപനങ്ങൾ നോൺ-ഡൊമസ്റ്റിക് കണക്ഷനകത്താണ് വരുന്നത്. ഓർഫനേജിൽ ഹോസ്റ്റൽ പോലെയുള്ള സൗകര്യങ്ങളാണ് കൊടുക്കുന്നത് എന്നുള്ളതുകൊണ്ട് വെള്ളത്തിന്റെ അളവ് അവർക്ക് കൂടുതൽ വേണ്ടിവരും. അതുകൊണ്ട് അവരെ നോൺ-ഡൊമസ്റ്റിക് കണക്ഷനിലുള്ള വിഭാഗത്തിലാണ് ഇപ്പോൾ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

ശ്രീ. എ. കെ. മണി: പ്ലംബർമാരെ അപേക്ഷകൾ കളക്റ്റ് ചെയ്യാനുള്ള പണികൂടി ചെയ്യാൻ ഏൽപ്പിച്ചിരിക്കുകയാണ്. ധാരാളം പട്ടണങ്ങളിൽ ഇത് കാണാം. മൂന്നാറിനെ സംബന്ധിച്ചിടത്തോളം വാട്ടർ അതോറിറ്റിയുടെ വർക്കുകളൊന്നും പ്രോപ്പറല്ല. റോഡിലൂടെ വെള്ളം ഒഴുകുകയാണ്. അവിടെ പ്ലംബർമാരോ അസിസ്റ്റന്റ് എഞ്ചിനീയർമാരോ ഇതൊന്നും ശ്രദ്ധിക്കുന്നില്ല. മഴക്കാലത്ത് പോലും കുടിവെള്ളം സാധാരണ ജനങ്ങൾക്ക് കിട്ടാത്ത സാഹചര്യത്തിൽ മറ്റ് പണികൾ കൂടി പ്ലംബർമാരെ ഏൽപ്പിക്കുന്ന നടപടി അവസാനിപ്പിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: കേരളത്തിൽ അതിവിപുലമായ ഒരു ക്രമീകരണമാണ് വാട്ടർ അതോറിറ്റിക്കുള്ളത്. പൈപ്പിന്റെ ലീക്കേജിനെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വളരെ കാലപ്പഴക്കമുള്ള പൈപ്പുകളാണ് പല സ്ഥലത്തും ഉള്ളത്. ലീക്കേജ് മാറ്റുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കാൻവേണ്ടി ശ്രമിക്കുന്നുണ്ട്. ലീക്കേജിന്റെ അളവ് നേരത്തെ കൂടുതലുണ്ടായിരുന്നു. അത് കുറച്ചുകൊണ്ട് വരുന്നതിന് വേണ്ടിയുള്ള പരിശ്രമം നടത്തുന്നുണ്ട്.

ശ്രീ. വർക്കല കഹാർ: സർ, തിരുവനന്തപുരം നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ സീവറേജിനുള്ള സൗകര്യങ്ങൾ വളരെ പരിമിതമാണ്. ആളുകൾ ഓടയിലൂടെ ഇത് തുറന്നുവിടുന്നു. ഇതുമൂലം തോടുകളും പുഴകളുമൊക്കെ മലീമസമാവുകയാണ്. തലസ്ഥാന വികസന പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഇക്കാര്യം അടിയന്തിരമായി പരിഗണിക്കാൻവേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : തിരുവനന്തപുരത്ത് 35% മാത്രമാണ് ഇപ്പോൾ സീവറേജ് ഫെസിലിറ്റിയുള്ളത്. അതുകൊണ്ട് തിരുവനന്തപുരത്ത് സീവറേജിന്റെ സൗകര്യം പരിമിതമാണെന്ന് പറയുന്നത് ശരിയാണ്. തിരുവനന്തപുരം പട്ടണത്തിൽ 75,000 സീവറേജ് കണക്ഷൻസാണ് ഇപ്പോഴുള്ളത്. പക്ഷേ പട്ടണത്തിലെ മൊത്തം ജനസംഖ്യയുമായി താരതമ്യപ്പെടുത്തുമ്പോൾ ഇത് വളരെ ചെറുതാണ്. ഇവിടെ എ, ബി, സി, ഡി, ഇ, എഫ് എന്നീ ക്രമത്തിൽ പല ബ്ലോക്കുകളായി തിരിച്ചിട്ടുണ്ട്. അതിന്റെ വിശദാംശങ്ങൾ എന്റെ കയ്യിലുണ്ട്. സമയത്തിന്റെ പരിമിതികൊണ്ട് ഞാൻ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. എങ്കിലും ഇവിടെ പരിമിതിയുണ്ട് എന്നുള്ളത് യാഥാർത്ഥ്യമാണ്. ആ പരിമിതി അവസാനിപ്പിക്കുന്നതിന് വേണ്ടിയുള്ള നടപടികളിലേക്ക് പോകാൻ ഗവൺമെന്റ് ശ്രമിക്കുകയാണ്. പക്ഷേ വമ്പിച്ച സാമ്പത്തിക ബാദ്ധ്യത ഇതിന് വേണ്ടിവരും. ആ സാമ്പത്തിക ബാദ്ധ്യത ഏറ്റെടുക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ടാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്ന രൂപത്തിലുള്ള സ്പീഡിൽ പ്രവർത്തനം മുന്നോട്ട് പോകാൻ കഴിയാതെ വരുന്നത്.

ശ്രീ. വർക്കല കഹാർ: സർ, സീവറേജ് ലൈനുകൾ പൊട്ടി കുടിവെള്ളത്തിൽ കലർന്ന് പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്ന സ്ഥിതി കഴിഞ്ഞ കുറേ നാളുകളായി കേൾക്കുന്ന കഥയാണ്. അതുപോലെതന്നെ മഴക്കാലത്ത് സീവറേജ് ലൈനുകൾ പൊട്ടി റോഡും പരിസരവും ആകെ മലീമസമാകുന്നു. ഗുണനിലവാരമില്ലാത്ത പൈപ്പുകളാണ് ഇട്ടിരിക്കുന്നത്. വലിയ തട്ടിപ്പാണ് ഇക്കാര്യത്തിൽ നടക്കുന്നത്. അതുകൊണ്ട് ഗുണനിലവാരമുള്ള പൈപ്പുകൾ വാങ്ങി ഉപയോഗിക്കുമെന്ന് ഉറപ്പുവരുത്താൻ മന്ത്രി നടപടി സ്വീകരിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഇതിലേയ്ക്കായി കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ വാങ്ങിയ പൈപ്പിൽ ഒരെണ്ണം പോലും മോശമുള്ളത് ഉണ്ടാകില്ല എന്നെനിക്ക് 100 ശതമാനം ഉറപ്പുണ്ട്. എന്നാൽ ഞാൻ നേരത്തെ

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞതുപോലെ ദീർഘകാലമായി ഉപയോഗിച്ചിരുന്നത് പഴക്കമുള്ള പൈപ്പുകളാണ്. പൈപ്പിന്റെ ലൈഫിനെ സംബന്ധിച്ച് തന്നെ ചില നിബന്ധനകളുണ്ട്. ആ ലൈഫ്ടൈം കഴിഞ്ഞ പൈപ്പുകളാണ് പലതും. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ സംഭവങ്ങൾ ഉണ്ടായിട്ടില്ല എന്ന് ഞാൻ പറയുന്നില്ല. പക്ഷേ ഇതുപോലെ ഏതെങ്കിലും ഒറ്റപ്പെട്ട കാര്യങ്ങളുണ്ടായാൽ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചാൽ നിശ്ചയമായും ഗവൺമെന്റിന്റെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ചെയ്യാവുന്ന കാര്യങ്ങൾ ചെയ്യുന്നതാണ്.

ശ്രീ. സി. പി. മുഹമ്മദ്: മഹാനഗരങ്ങളെപ്പോലും നരകമാക്കുന്ന ഈ മലിനജല പ്രശ്നം അന്താരാഷ്ട്ര തലത്തിൽ തന്നെ വളരെ ഗൗരവമായ ഒരു വിഷയമാണ്. നിർഭാഗ്യവശാൽ കേരളത്തിൽ തിരുവനന്തപുരത്തും കൊച്ചിയിലും ഭാഗീകമായി മാത്രമേ ഇത് നടപ്പിലാക്കിയിട്ടുള്ളു. ശുദ്ധജല വിതരണത്തിനുവേണ്ടി മുൻഗണന കൊടുക്കുമ്പോൾ തന്നെ സീവറേജ് ലൈനുകളുടെ കാര്യത്തിലും, വേണ്ടത്ര ശ്രദ്ധ ചെലുത്തണം. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ പണത്തിന്റെ അഭാവമാണ് വലിയ പ്രശ്നം. നമ്മുടെ നദികളെപ്പോലും മലിനീകരിച്ച് അശുദ്ധമാക്കിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഇതിന് കൂടുതൽ തുക വകയിരുത്തി കേരളം അനുദിനം നഗരവൽക്കരിക്കപ്പെടുന്ന സംസ്ഥാനമായതുകൊണ്ട് എല്ലാ പ്രദേശങ്ങളിലും സീവറേജ് പദ്ധതി നടപ്പിലാക്കാനുള്ള അടിയന്തിര നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ നമ്മുടെ പ്രധാനപ്പെട്ട രണ്ട് നഗരങ്ങളെ കേന്ദ്രീകരിച്ചുകൊണ്ടാണ് ഈ പ്രവർത്തനങ്ങൾ പൊയ്ക്കൊണ്ടിരിക്കുന്നത്. ആ രണ്ട് നഗരങ്ങളിൽ തന്നെ ഇപ്പോൾ ഭാഗീകമായി മാത്രമേ സീവറേജ് സൗകര്യങ്ങൾ കൊടുക്കാൻ കഴിയുന്നുള്ളു. കൊടുക്കാൻ കഴിയുന്നതിൽ ഏറ്റവും കൂടുതൽ പേർസന്റേജുള്ളത് തിരുവനന്തപുരത്താണ്. അത് കഴിഞ്ഞാൽ കൊച്ചിയിലാണ്. പക്ഷേ ആ പേർസന്റേജിലെ ഡിഫറൻസ് എന്നുപറയുന്നത് 3% ആണ്. 3% മാത്രമാണ് കൊച്ചിയിൽ ചെയ്യാൻ കഴിയുന്നത്. ബാക്കിയുള്ള കോർപ്പറേഷനുകളിലേക്ക് കൂടി ഈ സംവിധാനം വ്യാപിപ്പിക്കാൻ ശ്രമിക്കുന്നുണ്ട്. കൊല്ലം, കോഴിക്കോട്, തൃശ്ശൂർ എന്നിവിടങ്ങളിൽ ഈ സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനുള്ള ശ്രമമാണ് നടക്കുന്നത്. വളരെ ബൃഹത്തായ സാമ്പത്തിക ചെലവ് വരുന്നതാണ്. അതിന് ഡിപ്പാർട്ടുമെന്റ് പണം പലിശയ്ക്കെടുത്ത് ചെയ്യുന്നതിന് വേണ്ടി 20 വർഷം കൊണ്ട് തിരിച്ചടയ്ക്കാൻ പറ്റുന്ന മാർഗ്ഗങ്ങൾ എന്തെങ്കിലും ഉണ്ടോ എന്ന് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. നിശ്ചയമായും കേരളത്തിന്റെ ഇന്നത്തെ സാഹചര്യം വച്ച് നോക്കിയാൽ വളരെ വേഗത്തിൽ മുന്നോട്ട് പോകേണ്ടി വരുമെന്നുള്ളതാണ് ഗവൺമെന്റിന്റെ അഭിപ്രായം.

ശ്രീ. സി. പി. മുഹമ്മദ് : സർ, 1977-ലെ വാട്ടർ പ്രിവൻഷൻ ആന്റ് കൺട്രോൾ ഓഫ് പൊല്യൂഷൻ ആക്ടും, ജലമലിനീകരണ നിയന്ത്രണ ആക്ടുമൊക്കെ ജലമലിനീകരണ രംഗത്ത് ഒരുപാട് നിബന്ധനകൾ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സീവറേജ് ലൈനുകൾ പുതുതായി പണിയുന്നതിനും കണക്ഷൻ കൊടുക്കുന്നതിനും ഈ ആക്ടിൽ എന്തെല്ലാം നിർദ്ദേശങ്ങളാണ് വച്ചിട്ടുള്ളതെന്നു വ്യക്തമാക്കാമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, സീവറേജ് ലൈൻ പണിയുന്നതിനുവേണ്ടി, നേരത്തെ ഇവിടെ ആദ്യത്തെ ചോദ്യത്തിനു ഉത്തരമായിട്ട് ഞാൻ പറഞ്ഞു സീവറേജ് കണക്ഷൻസിന് ചില നിബന്ധനകളുണ്ട്. ആ നിയമം അനുസരിച്ച് പാലിക്കാൻ കഴിയുന്ന എല്ലാ നിബന്ധനകളും പാലിച്ചാണ് പോകുന്നത്. ഒരു പ്ലംബറുടെ സർട്ടിഫിക്കറ്റ് വേണം. കെട്ടിടമുടമയ്ക്കാണെങ്കിൽ നേരിട്ട് അപേക്ഷ കൊടുക്കാൻ പറ്റും. കെട്ടിടം ഉടമയല്ലെങ്കിൽ കെട്ടിടം ഉടമയുടെ അനുമതി പത്രത്തോടുകൂടി അവിടെയുള്ള ഓക്യുപെന്റിന് ആപ്ലിക്കേഷൻ കൊടുക്കാൻ പറ്റും. ഇതാണ് സാധാരണ ഗതിയിലുള്ള നിബന്ധനകൾ.

ശ്രീ. എം. എ. വാഹീദ് : സർ, വെല്ലിംഗ്ടൺ സായിപ്പിന്റെ കാലത്താണ് തിരുവനന്തപുരം നഗരത്തിൽ ആദ്യമായി സീവേജ് സംവിധാനം ഉണ്ടാകുന്നത്. എന്നാൽ അന്ന് 50 വാർഡുകളിലും സീവേജ് സംവിധാനം കൊടുക്കാൻ കഴിഞ്ഞില്ല; കേവലം 16 വാർഡുകളിലേ കൊടുക്കാൻ പറ്റിയുള്ളു. പുതിയ വാർഡുകളുടെ എണ്ണം 81 ആയപ്പോൾ ഏകദേശം 21 വാർഡുകളിലാണ് സീവേജ് സംവിധാനം കൊടുക്കാൻ കഴിഞ്ഞത്. എന്നാൽ ഈ നഗരത്തിലെ 5 ലക്ഷം ജനങ്ങളിൽ നിന്നും സീവേജ് സിസ്റ്റത്തിനുള്ള കരം പിരിക്കുകയാണ്. ആനുകൂല്യം കൊടുക്കാതെ കരം പിരിക്കുന്ന ഒരു സ്ഥിതിവിശേഷം ലോകത്ത് എവിടെയെങ്കിലുമുണ്ടെങ്കിൽ അത് തിരുവനന്തപുരം നഗരത്തിൽ മാത്രമാണ്. അമേരിക്കൻ ഹിസ്റ്ററിയിൽ 'ബോസ്റ്റൺ ടീ പാർട്ടി' എന്നു പറഞ്ഞ ഒരു സംഭവമുണ്ട്. ടാക്സ് കൊടുത്തതിനു ആനുകൂല്യം കൊടുക്കാതിരുന്നപ്പോൾ അവർ ഒരു സമരം ഉണ്ടാക്കി, നോ ടാക്സ് വിത്തൗട്ട് റെപ്രസന്റേഷൻ എന്ന്. അവിടെ അമേരിക്കൻ സഭയിൽ പ്രാതിനിധ്യമില്ലാതെ ഇത് കൊടുക്കാൻ പാടില്ലെന്നാണ്. അതുകൊണ്ട് ഈ നഗരത്തിലെ 30 ശതമാനത്തിന് താഴെ വരുന്ന ജനങ്ങൾക്ക് സീവേജ് സംവിധാനം കൊടുക്കുകയും 70 ശതമാനം ജനങ്ങൾക്ക് സീവേജ് സംവിധാനം കൊടുക്കാതിരിക്കുകയും അതേസമയം ഇവരിൽനിന്നും അനധികൃതമായും അന്യായമായും വാട്ടർ അതോറിട്ടി ഈ ഇനത്തിൽ കരം പിരിക്കുകയും ചെയ്യുന്നു. പിരിക്കുന്ന കരം തിരിച്ചുകൊടുക്കാനും മേലാൽ സീവേജ് സൗകര്യം കൊടുക്കാത്ത സ്ഥലത്തു നിന്ന് സീവേജ് കരം പിരിക്കില്ലെന്നു ഉറപ്പുവരുത്താനും ബഹുമാനപ്പെട്ട സർക്കാരിന് കഴിയുമോ, അതിന് എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിക്കാൻ കഴിയുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ സീവറേജ് സംവിധാനം ഈ നഗരത്തിൽ പൂർണ്ണമായിട്ട് കൊടുക്കാൻ കഴിയുന്നില്ല എന്നുള്ളത് സത്യമാണ്. പക്ഷേ ഞാൻ ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

നേരത്തെ സൂചിപ്പിച്ചതുപോലെ തിരുവനന്തപുരം പട്ടണത്തെ പല ബ്ലോക്കുകളായി വേർതിരിച്ചിട്ടുണ്ട്. 'എ.' ബ്ലോക്കിനകത്ത് കവടിയാർ, വെള്ളയമ്പലം, കൈക്കാട്, തമ്പാനൂർ, പഴവങ്ങാടി, ചാല, മണക്കാട്, പുത്തൻചന്ത, ജഗതി, പാളയം ഇവിടങ്ങളിൽ മുഴുവനായിട്ട് കൊടുക്കുന്നുണ്ട്. 'ബി.' ബ്ലോക്കിൽ ശ്രീകണ്ഠേശ്വരം, ഋഷിമംഗലം, വഞ്ചിയൂർ, കൈതമുക്ക്, പട്ടം, നന്തൻകോട്, ബാർട്ടൺഹിൽ— അവിടെ നമുക്ക് പൂർണ്ണമായിട്ട് കൊടുക്കാൻ കഴിയുന്നില്ല. 'സി.' ബ്ലോക്കിൽപ്പെട്ട മറ്റ് ചില ഭാഗങ്ങളുണ്ട്. ആ ഭാഗത്ത് ഭാഗികമായിട്ടാണ് കൊടുക്കാൻ കഴിയുക. 'ഡി.' ബ്ലോക്കിൽ കേശവദാസപുരം, മുട്ടട, അമ്പലംമുക്ക്, കവടിയാർ, ഉള്ളൂരും അടക്കം അവിടെയും ഭാഗികമായിട്ടാണ് ഇപ്പോൾ കൊടുക്കാൻ കഴിയുക. 'ഇ.' ബ്ലോക്ക് 'എഫ്.' ബ്ലോക്ക് അങ്ങനെ പല ബ്ലോക്കുളായി തിരിച്ചിട്ടുണ്ട്. അങ്ങോട്ട് ഇത് വ്യാപിപ്പിക്കുന്നതിനുള്ള ശ്രമത്തിൽ നമ്മൾ നിൽക്കുകയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട അംഗം പറഞ്ഞ ഏതെങ്കിലും ഒറ്റപ്പെട്ട സംഭവമുണ്ടെന്നുവരുകിൽ ആ സംഭവത്തെക്കുറിച്ച് ആലോചിക്കാവുന്നതാണ്.

ശ്രീ. എം. എ. വാഹീദ് : സർ, ഞാൻ ഒറ്റപ്പെട്ട സംഭവമല്ല പറഞ്ഞത്. കരം പിരിക്കുന്ന കാര്യമാണ് പറഞ്ഞത്. കരം ഒഴിവാക്കണമെന്നാണ് പറഞ്ഞത്. ആനുകൂല്യം കൊടുക്കാതെ കരം പിരിക്കുന്നു എന്നാണ് പറഞ്ഞത്. എന്റെ രണ്ടാമത്തെ ചോദ്യം 75,000-ത്തോളം സീവേജ് കണക്ഷനാണ് ഇവിടെ ഉണ്ടെന്നു പറഞ്ഞത്. ഇപ്പോൾ സീവേജ് കണക്ഷനുകൾ കൊടുക്കുന്നത് വാട്ടർ അതോറിട്ടിയിലെ എഞ്ചിനീയർമാർ വന്നല്ല. അല്ലെങ്കിൽ പി.എച്ച്.ഇ.ഡി.-ക്കാർ വന്നല്ല. ഇപ്പോൾ ഈ സീവേജ് കണക്ഷൻ കൊടുക്കുന്നത് കുറെ പ്ലംബർമാരാണ്. അതും ക്വാളിഫൈഡ് പ്ലംബർമാരല്ല. പാതിരാത്രിയാകുമ്പോൾ റോഡ് വെട്ടിത്തുറന്നു അടുത്ത വീട്ടിലേയ്ക്ക് കണക്ഷൻ കൊടുക്കുകയാണ്. ഇങ്ങനെ അനധികൃതമായി സീവേജ് കണക്ഷൻ കൊടുക്കുന്ന ആൾക്കാരുടെ പേരിൽ ശക്തമായ നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാണോ; ഇതുവരെ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കാമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, സംസ്ഥാനത്ത് അനധികൃതമായി ഒരു നടപടിയും നടക്കുന്നില്ല എന്നു ഞാൻ പറയുകയില്ല. പക്ഷേ ഇതിനകത്ത് നമുക്ക് നിലവിൽ ഒരു സിസ്റ്റമുണ്ട്. ആ സിസ്റ്റം ഞാൻ നേരത്തെ ഇവിടെ സൂചിപ്പിച്ചതാണ്. സീവേജ് കണക്ഷനുവേണ്ടി ഒരു പ്ലംബറുടെ ഒരു സർട്ടിഫിക്കറ്റ് ആവശ്യമാണ്. പക്ഷേ അതിന്റെ ആപ്ലിക്കേഷൻ കെട്ടിടത്തിന്റെ ഉടമയോ കെട്ടിടത്തിന്റെ ഓക്യുപ്പെന്റിനോ കൊടുക്കാൻ കഴിയും. ഇതിലേക്കായി റോഡ് വെട്ടിമുറിക്കണമെങ്കിൽ ഇതിനുള്ള പണം നേരത്തെ കെട്ടിവയ്ക്കണം. അതിന്റെ റെസീപ്റ്റ് ഇവിടെ പ്രൊഡ്യൂസ് ചെയ്തെങ്കിൽ മാത്രമെ സീവേജ് കണക്ഷൻ കൊടുക്കുന്നതിനുള്ള അവസാനത്തെ ഉത്തരവ് കൊടുക്കുകയുള്ളു. ഇങ്ങനെയൊക്കെയാണെങ്കിലും നേരത്തേ പറഞ്ഞതുപോലെ ഏതെങ്കിലും അനധികൃതമായ നടപടിയോ, അങ്ങനെ ഒറ്റപ്പെട്ട ഏതെങ്കിലും സംഭവങ്ങളോ ബഹുമാനപ്പെട്ട അംഗത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ, ആ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നാൽ നിശ്ചയമായും അതിന്റെ പേരിൽ നടപടിയെടുക്കാം.

LIBRARY ARCHIVES Kerala Legislative Assembly

നേരത്തെ ഇവിടെ കരം പിരിക്കുന്നതിനെക്കുറിച്ച് അങ്ങ് സൂചിപ്പിച്ചു. സീവേജിനുവേണ്ടി കരം പിരിക്കുന്നുണ്ട്. ബാക്കിയുള്ള സ്ഥലങ്ങളിലേയ്ക്ക് കൂടി നമ്മൾ ഈ പദ്ധതി ടേക്കപ്പ് ചെയ്തുകൊണ്ടിരിക്കുകയാണ്. അവിടെക്കൂടി ഈ പദ്ധതി, വ്യാപിപ്പിക്കണമെങ്കിൽ ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്ന തുച്ഛമായ വരുമാനംകൊണ്ട് സാധിക്കുകയില്ല. ഇപ്പോൾത്തന്നെ തിരുവനന്തപുരം പട്ടണത്തിലെ സീവേജ് മുന്നോട്ട് കൊണ്ടുപോകുന്നതിനുവേണ്ടിയുള്ള, അതിന്റെ ഓപ്പറേഷണൽ മെയിന്റനൻസിനുവേണ്ടിയുള്ള പണം തികയുന്നില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. അപ്പോൾ നിലവിലുള്ള വരുമാനംകൂടി നിലച്ചു കഴിഞ്ഞാൽ ഉണ്ടാകാവുന്ന അനുഭവത്തെക്കുറിച്ച് ആലോചിക്കാവുന്നതേയുള്ളു. അതുകൊണ്ട് പരിമിതികളും പോരായ്മകളും ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനെക്കുറിച്ച് ആലോചിക്കാം. അതേസമയം വാട്ടർ അതോറിട്ടിയുമായി സഹകരിച്ച് ഈ സീവേജ് സ്ക്കീം മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള സഹായം ചെയ്യണമെന്നുള്ളതാണ് എന്റെ അഭ്യർത്ഥന.

ശ്രീ. എം. വി. ജയരാജൻ : സർ, നല്ല വെള്ളമുണ്ടായാലാണ് വേസ്റ്റ് വാട്ടർ ഉണ്ടാകുന്നത്. നല്ല വെള്ളത്തിന്റെ വിതരണത്തിന്റെ പ്രശ്നമാണ് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. ടാങ്കർ ലോറികളിൽ വെള്ളം കൊണ്ടുപോകുന്നതിന് ഇവിടെ കൂപ്പൺ സംവിധാനം ഏർപ്പെടുത്തിയിരുന്നു. ടാങ്കർ ലോറിയുമായി വാട്ടർ അതോറിട്ടിക്ക് യാതൊരു ഇടപാടുമില്ല. പക്ഷേ കൂപ്പൺ കൊടുക്കുന്നത് വാട്ടർ അതോറിട്ടിയാണ്. തിരുവനന്തപുരം ജില്ലയിൽ കോവളം കൊട്ടാരം, 'കിംസ് ആശുപത്രി' ഇതുപോലുള്ള അപൂർവ്വം ചില സ്ഥാപനങ്ങളാണ് വാട്ടർ അതോറിട്ടിയിൽ നിന്നു കൂപ്പൺ വാങ്ങിയിട്ടുള്ളത്. ബാക്കി കൂപ്പണെല്ലാം ടാങ്കർ ലോറിക്കാരിൽനിന്നും ആളുകൾ വ്യാജമായി വാങ്ങിക്കൊണ്ടു പോവുകയാണ്. അതുകൊണ്ട് ഇതിനൊരു വ്യക്തമായിട്ടുള്ള വ്യവസ്ഥ വരുത്തി ഈ കൊണ്ടുപോകുന്ന ടാങ്കർ ലോറികൾക്ക് രജിസ്ട്രേഷൻ സംവിധാനം ഉണ്ടാക്കണം. അതിനു വിരുദ്ധമായി, മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി കൊണ്ടുപോകുന്നത് ഒഴിവാക്കാനുള്ള എന്തെങ്കിലും വ്യവസ്ഥ ഗവൺമെന്റ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ? അത്തരത്തിൽ നടപടി സ്വീകരിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ചില വ്യവസ്ഥകൾ ഏർപ്പെടുത്തിയിട്ടുണ്ട്. അങ്ങുകൂടി ഈ കാര്യങ്ങളിൽ സഹകരിക്കണമെന്ന അഭ്യർത്ഥനയാണ് എനിക്കുള്ളത്. വാട്ടർ അതോറിട്ടിയിൽ ഉണ്ടായിരുന്ന സിസ്റ്റം, ടാങ്കർ ലോറികൾക്ക് 10 ദിവസം മുമ്പേ കൂപ്പൺ കൊടുക്കുക, ടോക്കൺ വാങ്ങുക, അങ്ങനെ ടോക്കൺ വാങ്ങിയതിനുശേഷം അവിടെ പോയി വെള്ളം എടുക്കുക എന്നിവയാണ്. വെള്ളം എടുക്കുന്നതിനകത്തുതന്നെ അവിടെ ഒരു പ്രൈസ് ഡിഫറൻസുണ്ട്. 50,000 ലിറ്റർ വെള്ളത്തിനു 16 രൂപയും, 50,000 ലിറ്ററിനുമുകളിലുള്ള വെള്ളത്തിനു 24 രൂപയും എന്നുള്ള കണക്കായിരുന്നു. അതുകൊണ്ട് എല്ലാവരും ഈ 50,000- നു താഴെവച്ച് മുറിക്കാൻവേണ്ടി 10 ദിവസം മുമ്പേ കൈയ്യിൽ കിട്ടുന്ന കൂപ്പൺ ദുർവിനിയോഗം

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തുകൊണ്ടിരിക്കുന്നുയെന്നുള്ളത് വാട്ടർ അതോറിട്ടിയുടെ ശ്രദ്ധയിൽപ്പെട്ടു. അതുതടയാൻ ഞങ്ങളെടുത്ത ആദ്യത്തെ നടപടി, വെള്ളത്തിന്റെ വിലയെ റാഷണലൈസ് ചെയ്യാൻ തീരുമാനിച്ചു എന്നുള്ളതാണ്. ടാങ്കർ ലോറികളിൽ വെള്ളം കൊടുക്കണമെങ്കിൽ അതിന് ഒരേവില എന്നുള്ള നിലയിൽ വില തമ്മിൽ റാഷണലൈസേഷൻ ഉണ്ടാക്കി. രണ്ടാമത്തേത് കൂപ്പൺ കൊടുക്കുന്നത് 10 ദിവസം മുമ്പ് എന്നുള്ള രീതി മാറ്റി 24 മണിക്കൂർ മുമ്പ് എന്നാക്കി, ആ കൂപ്പൺ കൈവശം വച്ചാൽ 24 മണിക്കൂറേ വാലിഡിറ്റിയുണ്ടാവുകയുള്ളു. 24 മണിക്കൂർ കഴിഞ്ഞാൽ ആ കൂപ്പണിന് വാലിഡിറ്റിയുണ്ടാവുകയില്ല എന്നുള്ള സിസ്റ്റത്തിലേക്ക് കൊണ്ടുവന്നു. മൂന്നാമത്തേത്, ഇവിടെ വലിയ വലിയ സ്ഥാപനങ്ങളുടെ പേരിൽ വരുന്നു എന്നു മാത്രമേയുള്ളു. പക്ഷേ ഈ വെള്ളം ഈ സ്ഥാപനങ്ങളിൽ എത്തുന്നുണ്ടെന്നുള്ളതിനു ഒരു ഉറപ്പുമില്ല. ഞങ്ങൾ ചില പരിശോധനകൾ നടത്തി. പരിശോധന നടത്തിയപ്പോൾ ഇങ്ങനെ ചില വലിയ സ്ഥാപനങ്ങളുടെ പേരിൽ കൊണ്ടുപോകുന്ന വെള്ളം മറ്റ് ചില സ്ഥാപനങ്ങളിൽ കൊണ്ടുപോയി ഒരു ജാറിന് 10 രൂപ വിലയ്ക്ക് വിൽക്കുന്നതായി കണ്ടെത്തി. അതിനെതിരെ ചില ക്രമീകരണങ്ങൾ, വളരെ കർശനമായ ചില നടപടികൾ വാട്ടർ അതോറിട്ടി എടുത്തിട്ടുണ്ട്; അതിൽ ചില ഗുണഫലങ്ങൾ കണ്ടുതുടങ്ങിയിട്ടുമുണ്ട്. ഈ നടപടികൾ 100 ശതമാനം ഫലവത്തായി എന്നു ഞാൻ പറയുന്നില്ല. എങ്കിലും അത് 100 ശതമാനം ഫലവത്താക്കാനുള്ള പരിശ്രമമാണ് വാട്ടർ അതോറിട്ടി നടത്തിക്കൊണ്ടിരിക്കുന്നത്.

ശ്രീ. വി. ഡി. സതീശൻ : സർ, നമ്മുടെ സംസ്ഥാനത്തെ കുടിവെള്ളത്തിന്റെ ഊറ്റ് എന്നു പറയുന്നത് കേരളത്തിലെ ചില പ്രധാനപ്പെട്ട നദികളാണ്. ആ നദികളുടെ തീരത്താണ് മിക്കവാറും വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. ഈ വ്യവസായ സ്ഥാപനങ്ങളുടെ മുഴുവൻ മാലിന്യങ്ങളും തുറന്നുവച്ചിരിക്കുന്നത് ഈ കുടിവെള്ളത്തിന്റെ ഊറ്റായ ഈ നദികളിലേക്കാണ്. അതുപോലെ തന്നെ സോളിഡ് വേസ്റ്റ് ഡിസ്പോസ് ചെയ്യുന്നത് എല്ലാ നിബന്ധനകളും ലംഘിച്ചുകൊണ്ടാണ്; അത് ഭൂമിക്കടിയിലാണ് നിക്ഷേപിക്കുന്നത്. ഇത് നമ്മുടെ ഏറ്റവും പ്രധാനപ്പെട്ട ശുദ്ധജലസ്രോതസ്സായ അണ്ടർഗ്രൗണ്ട് വാട്ടറിനെ മലിനപ്പെടുത്തുകയാണ് ചെയ്യുന്നത്. ഈ കാര്യങ്ങൾ ഗൗരവമായി പരിശോധിച്ച് ഇതിനുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻവേണ്ടി സർക്കാർ തയ്യാറാകുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, അങ്ങ് പറഞ്ഞതിനോട് ഞാൻ പൂർണ്ണമായി യോജിക്കുകയാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ ശാപം നമ്മുടെ ഏറ്റവും വലിയ തണ്ണീർ തടാകങ്ങളായ ശുദ്ധജല ശ്രോതസ്സുകൾ മരിക്കുന്നതാണ്. ചാലിയാർ പുഴയുടെ അനുഭവം എല്ലാവർക്കുമറിയാം. കല്ലടയാറിന്റെ അനുഭവവും അറിയാം. അവിടെ വ്യവസായ സംരംഭങ്ങളിൽ നിന്നു പുറത്തുവിടുന്ന കെമിക്കൽസ് ചേർന്ന അഴുക്ക് നമ്മുടെ ജീവനുപോലും ഹാനികരമായ ഒന്നാണ്. അത് മാറ്റിയെടുക്കുന്നതിനുള്ള നടപടികളിലേക്ക്

LIBRARY ARCHIVES Kerala Legislative Assembly

പോവുകയാണ്. നിലവിലുള്ള നിയമത്തിലെ വ്യവസ്ഥകൾ ഉപയോഗിച്ചുകൊണ്ടാണ് ഇപ്പോൾ ഇതൊക്കെ ചെയ്യുന്നത്. എന്നാലും പഴുതുകളടച്ച് നിയമങ്ങളുണ്ടാക്കി ഈ നദികളെ സംരക്ഷിക്കുന്നതിനുവേണ്ടിയിട്ടുള്ള ഒരു പരിശ്രമത്തിലാണ് ഗവൺമെന്റ് നിൽക്കുന്നത്.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. എം. എം. ഹസ്സൻ]

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, സീവറേജ് സൗകര്യങ്ങൾ വിപുലപ്പെടുത്തൽ അത്യന്താപേക്ഷിതമാണ്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം ശുദ്ധജലത്തിന്റെ ലഭ്യതയാണ്. കണക്ഷനുകൾ നീട്ടിക്കൊടുക്കൽ പോലെയുള്ള സൗകര്യങ്ങൾ വിപുലപ്പെടുത്തുമെന്ന് നേരത്തേ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ഉത്തരം പറഞ്ഞ സന്ദർഭത്തിൽ സൂചിപ്പിക്കുകയുണ്ടായി. ഇന്ന് മുഖ്യമായിട്ടും വരൾച്ച വളരെ തീഷ്ണമാകുകയാണ്. ഏറ്റവും കൂടുതൽ ബുദ്ധിമുട്ട് അനുഭവിക്കുന്നത് ശുദ്ധജലത്തിന്റെ ലഭ്യതയുടെ കാര്യത്തിലാണ്. ശുദ്ധജല വിതരണം ഒരു സ്ക്കീമായി നടത്തിക്കൊണ്ടു പോകുവാൻ കഴിയണമെന്നുണ്ടെങ്കിൽ ആവശ്യത്തിന് വെള്ളം ലഭിക്കണം. ഇതു പരിശോധിച്ച് ഈ പ്രശ്നം പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :· അങ്ങ് പറഞ്ഞതിനോട് ഞാൻ യോജിക്കുകയാണ്. വെള്ളം ലഭ്യമാക്കണം. നമുക്ക് നിലവിലുള്ള പദ്ധതികളുണ്ട്. ആ പദ്ധതികൾ കേന്ദ്രീകരിച്ചേ എനിക്ക് ഉത്തരം പറയാൻ കഴിയൂ. അതുകൊണ്ട് നിശ്ചയമായും ആ പദ്ധതികളുടെ ,സ്രോതസ് വറ്റിപ്പോകാതിരിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ വാട്ടർ അതോറിറ്റി സ്വീകരിക്കുന്നതാണ്.

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, വളരെ ചടുലതയോടെ കാര്യങ്ങൾ നടപ്പിലാക്കുന്ന മന്ത്രിക്ക് അഭിനന്ദനം രേഖപ്പെടുത്തിക്കൊണ്ടുതന്നെ ഞാൻ ഒരു കാര്യം ചോദിച്ചുകൊള്ളട്ടെ. 'ശുചിത്വ കേരളം സുന്ദര കേരളം' എന്ന മഹത്തായ ആശയം നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള, വേസ്റ്റ് വാട്ടറിനെ സംബന്ധിച്ച ചോദ്യത്തിനുള്ള മറുപടിയാണ് അങ്ങ് പറഞ്ഞുകൊണ്ടിരിക്കുന്നത്. സീവറേജ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള സ്ഥലങ്ങളിൽ അതിന്റെ പ്രവർത്തനത്തെ സംബന്ധിച്ചിടത്തോളം ഒരു വിലയിരുത്തൽ അങ്ങ് നടത്തിയിട്ടുണ്ടോ? അതിന്റെ ന്യൂനത വ്യക്തമായി മനസ്സിലാക്കിക്കൊണ്ട്, അതു പരിശോധിച്ചുകൊണ്ട്, മറ്റു സ്ഥലങ്ങളിൽകൂടി, കോർപ്പറേഷൻ, മേഖല അല്ലെങ്കിൽ മറ്റു പ്രധാനപ്പെട്ട നഗരങ്ങളിൽക്കൂടി ഈ സിസ്റ്റം നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള നടപടി അങ്ങ് സ്വീകരിക്കുമോ? ബാംഗ്ലൂരിൽ വേസ്റ്റ് വാട്ടർ ഡമ്പ് ചെയ്യുന്ന സ്ഥലത്ത് പ്രത്യേകമായിട്ടുള്ള പുല്ലുകൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. വേസ്റ്റായിട്ടുള്ള കാര്യങ്ങൾ ആ പുല്ല് അബ്സോർബ് ചെയ്തുകൊണ്ട് പോകും. അങ്ങനെ ഒരു സിസ്റ്റം അവിടെ അഡോപ്ട് ചെയ്തിട്ടുണ്ട്. ആ സംവിധാനം കേരളത്തിൽക്കൂടി നടപ്പിലാക്കുന്ന നടപടിയെക്കുറിച്ച് പഠിക്കുവാൻ തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, കർണ്ണാടത്തിലെ സാഹചര്യവും കേരളത്തിലെ സാഹചര്യവും രണ്ടും രണ്ടാണ്. കർണ്ണാടത്തിൽ നമുക്കുള്ള അത്രയും വിപുലമായ നദികളും അതിന്റെ സംവിധാനങ്ങളുമുണ്ട്. അതിനുള്ള കേന്ദ്രങ്ങൾ അവർ പരിരക്ഷിച്ചു നിർത്തുകയാണ്. നമ്മുടേതിനേക്കാൾ ചുരുങ്ങിയ പണച്ചെലവോടുകൂടി അത് സംരക്ഷിക്കുവാൻ അവർക്കു കഴിയും. പക്ഷേ കേരളത്തിൽ തലങ്ങും വിലങ്ങും നദികൾ ധാരാളമാണ്. കൂടാതെ നമുക്ക് പരമ്പരാഗത ജല സ്രോതസ്സുകളും ധാരാളമാണ്. അതെല്ലാം സംരക്ഷിക്കാൻ നമുക്ക് നേരത്തേ പറഞ്ഞതുപോലെ വളരെ പരിമിതമായ സാമ്പത്തിക ശക്തി മാത്രമേ ഉള്ളൂ. പക്ഷേ അങ്ങ് സൂചിപ്പിച്ച ചില കാര്യങ്ങളെക്കുറിച്ച് നമുക്ക് നടപടി എടുക്കുവാൻ കഴിയുന്നതാണ്. തീർച്ചയായും അങ്ങയുടെ നിർദ്ദേശം വളരെ വാലിഡ് ആയി പരിഗണിച്ചുകൊണ്ട് ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്യും.

ശ്രീ. എ. എ. അസീസ് : സർ, കൊല്ലം പട്ടണത്തിൽ സീവറേജ് പൈപ്പ് ലൈൻ സ്ഥാപിച്ചിട്ട് വർഷങ്ങളായി. അതിന്റെ പ്രവർത്തനങ്ങൾ പിന്നീട് ആരംഭിച്ചിട്ടില്ല.. അത് പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : കൊല്ലം മുനിസിപ്പാലിറ്റിയിൽ മുപ്പത്തിയാറു വാർഡുകളിൽ സീവറേജ് സംവിധാനം നടപ്പിലാക്കുന്നതിനുവേണ്ടി ഒരു പ്രൊപ്പോസൽ ഉണ്ടാക്കുകയും ചില പ്രദേശങ്ങളിൽ സീവറേജ് ലൈനുകൾ വർഷങ്ങൾക്കു മുമ്പ് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഇതിലേക്ക് കുരീപ്പുഴ ട്രീറ്റുമെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനും ഉദ്ദേശിച്ചിരുന്നു. പക്ഷേ അതിനു വേണ്ട സ്ഥലം ഇതുവരെ ലഭിച്ചിട്ടില്ല. അവിടെ സീവറേജ് സംവിധാനം നടപ്പിലാക്കുന്ന കാര്യം സ്തംഭനാവസ്ഥയിൽ നില്ക്കുന്നു എന്നുള്ളതാണ് ഇപ്പോഴുള്ള യഥാർത്ഥ സ്ഥിതി. ആ സ്തംഭനാവസ്ഥ മാറ്റുന്നതിനുവേണ്ടി ബന്ധപ്പെട്ട ആളുകളെ വിളിക്കുക, ചർച്ച ചെയ്യുക, ഒരു സമവായത്തിലൂടെ എന്തെങ്കിലും പരിഹാരം ഉണ്ടാക്കുക, തുടങ്ങിയ നടപടിക്രമങ്ങൾ ചെയ്യാൻ ഗവൺമെന്റ് തയ്യാറാണ്.

ശ്രീ. കെ. വി. ചന്ദ്രൻ : സർ, ഇന്നു കുടിവെള്ളത്തിന് കേരളീയർ ഇഷ്ടപ്പെടുന്നത് വാട്ടർ അതോറിറ്റിയുടെ വെള്ളമാണ്. പക്ഷേ ശുദ്ധീകരിച്ച ഈ വെള്ളം വീട്ടാവശ്യത്തിനും കുടിക്കുവാനും കുളിക്കുവാനും വാഹനം കഴുകുവാനും തോട്ടം നനയ്ക്കാനുമൊക്കെ ഉപയോഗിക്കുന്ന ഒരു സ്ഥിതിവിശേഷമാണുള്ളത്. ഇത് കുടിവെള്ളത്തിനു മാത്രമായി ഉപയോഗിക്കുന്ന ഒരു സംവിധാനത്തിലേക്ക് ജനങ്ങളിൽ ബോധവത്കരണം നടത്തുന്നതു സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുമോ? അത്തരം പദ്ധതികൾ നടപ്പിലാക്കുവാൻ ഏതെങ്കിലും സ്കീം ഇന്നു നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഇതിനു ബോധവത്കരണം ഏറ്റവും പ്രധാനപ്പെട്ട ഭാഗം തന്നെയാണ്. നമ്മുടെ ഏറ്റവും വിലപിടിച്ച ശുദ്ധജലം, കുടിവെള്ളം, മറ്റ് കാര്യങ്ങൾക്കുവേണ്ടി ഡൈവർട്ട് ചെയ്ത് വിനിയോഗിക്കുന്നു എന്നുള്ളതാണ് നമുക്കു പറ്റുന്ന പ്രശ്നം. നമ്മുടെ ജലനിധി സ്ക്കീമിനകത്തുള്ള പ്രത്യേകമായ ഘടകം ഈ ബോധവത്കരണം തന്നെയാണ്. ശുദ്ധജലത്തിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തുക, ശുദ്ധജലം ഉപയോഗിക്കുമ്പോൾ പാലിക്കേണ്ട ഇന്റേർണൽ ഡിസിപ്ലിനെക്കുറിച്ച് ജനങ്ങളെ ബോദ്ധ്യപ്പെടുത്തുക, തുടങ്ങി ജല സാക്ഷരത നമ്മുടെ സംസ്ഥാനത്ത് ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള പരിശ്രമം ഗവൺമെന്റ് തുടരുന്നതാണ്.

ശ്രീ. പി. നാരായണൻ : സർ, എന്റെ നിയോജകമണ്ഡലം നാലു വശവും വെള്ളത്താൽ ചുറ്റപ്പെട്ട ഒരു സ്ഥലമാണെന്ന്, ബഹുമാനപ്പെട്ട അങ്ങേയ്ക്ക് അറിയാം. പഴയ സ്കീം ഏതാണ്ട് മുപ്പത്, മുപ്പത്തിരണ്ടു വർഷം പഴക്കമുള്ളതാണ്. അത് നിരവധി പ്രാവശ്യം പൊട്ടിപ്പൊളിഞ്ഞ് റെക്ടിഫൈ ചെയ്യാൻ പറ്റാത്ത രൂപത്തിൽ കിടക്കുകയാണ്. എന്നാൽ പുതിയ സ്കീമായ ആഗുമെന്റേഷൻ പദ്ധതിയുടെ ഭാഗമായി ബഹുമാനപ്പെട്ട അങ്ങ് കഴിഞ്ഞ ദിവസം വന്ന് ടാങ്കിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. ആ ടാങ്കിന്റെ നിർമ്മാണം കഴിഞ്ഞ അതിന്റെ മെയിൻ പൈപ്പ് ഇടുകയുള്ളൂ എന്നാണ് വാട്ടർ അതോറിറ്റിയുടെ ഉദ്യോഗസ്ഥന്മാർ പറഞ്ഞത്. പൊട്ടിപ്പൊളിഞ്ഞു കിടക്കുന്ന ലൈൻ മാറ്റി പുതിയ ലൈൻ ഇടുന്നതിന് ബഹുമാനപ്പെട്ട അങ്ങ് തയ്യാറാകുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : അങ്ങും അറിയും, ഇത് ദീർഘകാലം പഴക്കമുള്ള പദ്ധതിയാണ്. അങ്ങ് നിയമസഭാംഗമായി വന്നതിനുശേഷം ഇതുപോലുള്ള പദ്ധതി വേഗത്തിൽ ആക്കണമെന്ന് പറഞ്ഞു. എനിക്ക് ചെറിയ ഒരു സന്ദർഭം കിട്ടിയപ്പോൾ എന്നെക്കൊണ്ടു ആകുന്ന എല്ലാ സഹായങ്ങളും ഞാനും ചെയ്തു. അങ്ങ് പറഞ്ഞ സമയത്തുതന്നെ ഞങ്ങൾ ഇത് ഉദ്ഘാടനം ചെയ്തു. പക്ഷേ അതിനകത്ത് എന്തെങ്കിലും പോരായ്മ ഉണ്ടെങ്കിൽ അങ്ങയോടുംകൂടി ആലോചിച്ച്, ഉദ്യോഗസ്ഥന്മാരുമായി ചർച്ച ചെയ്ത്, അതിന് rectification method എടുക്കുവാൻ കഴിയുന്നതും വേഗത്തിൽ നടപടി സ്വീകരിക്കാം.

ശ്രീ. സി. മമ്മൂട്ടി : സർ, കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട പട്ടണങ്ങളിൽ ഒന്നാണ് കോഴിക്കോട് പട്ടണം. കോഴിക്കോട് പട്ടണത്തിൽ സീവേജ് പ്ലാന്റിന്റെ പ്രവർത്തനം ഫലപ്രദമല്ലാത്തതുകൊണ്ട് ഇപ്പോൾ മലിന ജലമൊക്കെ ഒഴുകി ഭൂമിയിലേക്ക് ഇറങ്ങുകയും അത് കുടിവെള്ളത്തെ ബാധിക്കുകയും ചെയ്തു. അങ്ങനെ എക്കോ സിസ്റ്റമാകെ തകരാറിലായ കോഴിക്കോടിനെ സംബന്ധിച്ച് ഒരു പുതിയ പ്ലാന്റ് പോലും, അതിനുള്ള പ്രപ്പോസൽപോലും ഇതുവരെ ഉണ്ടായിട്ടില്ല, പല പദ്ധതികളും പറഞ്ഞതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇതുവരെ ഒന്നും നടന്നിട്ടില്ല. അതുകൊണ്ട് കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട പട്ടണം എന്ന നിലയ്ക്കും, ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ള പട്ടണം എന്ന നിലയ്ക്കും കോഴിക്കോട്ടുള്ള ഈ പ്രശ്നം പരിഹരിക്കുന്നതിന് ഒരു പുതിയ പ്ലാന്റ് കോഴിക്കോട്ട് സ്ഥാപിക്കുന്നതിനുവേണ്ടി അടിയന്തിര നടപടി സ്വീകരിക്കാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, കോഴിക്കോട്, കോർപ്പറേഷനു വേണ്ടി 1983-ൽ 83 ച.കി.മീ. സ്ഥലം ഉൾപ്പെടുത്തി ഒരു പദ്ധതി തയ്യാറാക്കിയിരുന്നു. ഇതിനു വേണ്ടി 90 ഏക്കർ സ്ഥലം ഏറ്റെടുക്കുകയും പതിനേഴു കിലോമീറ്ററോളം സീവറേജ് ലൈനുകൾ സ്ഥാപിക്കുകയും ചെയ്തു. സാമ്പത്തിക ബുദ്ധിമുട്ടു കാരണം ഒരു എൽ.ഐ.സി. സ്കീമിലാണ് അത് മുന്നോട്ടു പോയത്. ആ സ്കീമിൽ നാല്പതു ശതമാനം പണി മാത്രമേ എൽ.ഐ.സി.യിൽ വരൂ. ബാക്കി അവശേഷിക്കുന്ന അറുപതു ശതമാനം ഗവൺമെന്റ് എടുക്കേണ്ടി വരും. അതുകൊണ്ട് ഈ പദ്ധതി ഉദ്ദേശിച്ച സ്പീഡിൽ മുന്നോട്ടു പോകുന്നില്ല. പക്ഷേ വാട്ടർ അതോറിറ്റിക്ക്, അവിടെ തൊണ്ണൂറ് ഏക്കർ സ്ഥലം കിടപ്പുണ്ട്. ആ സ്ഥലം ഉപയോഗിച്ച് നമുക്ക് ചെയ്യാൻ കഴിയുന്ന കാര്യം എന്താണെന്ന് പരിശോധിക്കാം. അങ്ങു പറഞ്ഞ കാര്യം നൂറു ശതമാനം ശരിയാണ്. കോഴിക്കോട് പട്ടണത്തിൽ ഒരു സീവറേജ് പ്ലാന്റ് ഇല്ലാതെ ഇനി അധികകാലം നമുക്ക് മുന്നോട്ടു പോകുവാൻ കഴിയുകയില്ലെന്നുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; നടപടി സ്വീകരിക്കും.

ശ്രീ. എ. കെ. ബാലൻ: ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണകാലത്തുള്ള സംവിധാനങ്ങളൊക്കെയാണ് ഇപ്പോഴും നമ്മുടെ കേരളത്തിലുള്ളത്. പൈപ്പ് ലീക്കേജിന്റെ ഭാഗമായി ഗുരുതരമായ ആരോഗ്യ പ്രശ്നമാണ് ഉണ്ടായത്. ആരോഗ്യ വകുപ്പ് മുന്നറിയിപ്പു നല്കുന്ന കാര്യംപോലും വാട്ടർ അതോറിറ്റിക്ക് പരിഗണിക്കുവാൻ കഴിയുന്നില്ല. ഇതിന്റെ ഭാഗമായിട്ടാണ് കോട്ടയം മെഡിക്കൽകോളേജിൽ ഈയിടെ ഉണ്ടായിട്ടുള്ള ചില സംഭവങ്ങൾ. ഡോക്ടർമാരടക്കം പാവപ്പെട്ട രോഗികൾ മരിക്കുന്നതിനും ഇടവന്നത് ഇതിന്റെ ഭാഗമായിട്ടാണ്. അതുകൊണ്ട് യുദ്ധകാലാടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പ് റെക്കമെന്റ് ചെയ്ത പൈപ്പ് ലൈൻ മാറ്റൽ അടിയന്തിരമായി പരിഗണിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി മുൻകയ്യെടുക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കോട്ടയം മെഡിക്കൽ കോളേജിൽ ഞാൻ തന്നെ രണ്ടു മൂന്നു പ്രാവശ്യം പോയിരുന്നു. അങ്ങ് പറഞ്ഞതു മാത്രമല്ല, അവിടുത്തെ മലിന ജലത്തിന്റേയും അതുമൂലമുള്ള രോഗങ്ങളുടേയും അടിസ്ഥാനം. മറ്റു ചില ഘടകങ്ങൾ കൂടിയുണ്ട്. പക്ഷേ നാട്ടിൽ ആളുകളുടെ ഇടയിൽ ആശങ്ക ഉണ്ടാക്കുവാൻ ആഗ്രഹിക്കാത്തതുകൊണ്ട് ഞാനതൊന്നും വിശദീകരിക്കുന്നില്ല. അങ്ങു പറഞ്ഞ ഒരു കാര്യം ശരിയാണ്. അവിടെയുണ്ടായിരുന്ന ഒരു ടാങ്ക് പൊട്ടി ഒലിച്ചു. അന്ന് വേണ്ടവിധത്തിൽ അതിനു നടപടിയെടുക്കുവാൻ കഴിഞ്ഞിരുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ രണ്ടു പ്രാവശ്യം ചർച്ച നടന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങൾ സ്പോട്ട് വിസിറ്റ് ചെയ്തു. ആരോഗ്യവകുപ്പു മന്ത്രി ഇതിനകത്ത് ഇൻവോൾവ് ചെയ്തു. ഏറ്റുമാനൂർ എം.എൽ.എ. നമ്മുടെ ശ്രീ. തോമസ് ചാഴികാടൻ ഈ കാര്യത്തിൽ വളരെ ഫലവത്തായ, നൂറു ശതമാനം ഫലവത്തായ നടപടികൾക്ക് ഞങ്ങളെ പ്രേരിപ്പിച്ചു. അതിന്റെയൊക്കെ അടിസ്ഥാനത്തിൽ നാല്പത്തിയഞ്ചു ലക്ഷം രൂപ മുടക്കുള്ള ഒരു പദ്ധതി, ഇന്നിപ്പോൾ മുപ്പതാം തീയതിയാണ് നമ്മൾ നില്ക്കുന്നത്, മുപ്പത്തിയൊന്നാം തീയതി അത് ഓപ്പൺ ചെയ്യാൻ കഴിയത്തക്ക വിധത്തിൽ വളരെ അടിയന്തിര സ്വഭാവത്തോടുകൂടി അത് തീർത്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. അച്ചുതൻ: സർ, കർക്കിടക മാസത്തിലും ടാങ്കർ ലോറിയിൽ വെള്ളം കൊടുക്കുന്ന ഏക മണ്ഡലമാണ് ചിറ്റൂരിലെ കൊഴിഞ്ഞാംപാറ പ്രദേശം. അത് ബഹുമാനപ്പെട്ട മന്ത്രി നേരിൽ വന്ന് കണ്ട സ്ഥലമാണ്. അവിടെ കുടിവെള്ളത്തിന് എം.എൽ.എ. ഫണ്ടിൽനിന്നും ഏറ്റവും കൂടുതൽതുക കൊടുത്തിരിക്കുന്നതും ഞാൻ തന്നെയാണ്. കഴിഞ്ഞ പ്രാവശ്യം 40 ലക്ഷത്തോളം രൂപ എം.എൽ.എ. ഫണ്ടിൽനിന്നും കുടിവെള്ളത്തിനുവേണ്ടി കൊടുത്തു. ഇപ്പോൾ അവിടെ ധാരാളം വെള്ളമുണ്ട്. പക്ഷേ പൈപ്പ്ലൈൻ കുറച്ച് നീട്ടുകയാണെങ്കിൽ ലോറിയിൽ കുടിവെള്ളം കൊടുക്കുന്നത് അവസാനിപ്പിക്കാൻ കഴിയും. ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്ന് യുദ്ധകാലാടിസ്ഥാനത്തിൽ കുറച്ച് പൈപ്പ്ലൈൻ അനുവദിക്കുന്നതിന് അടിയന്തിരമായി നടപടി ഉണ്ടാകുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് പറഞ്ഞത് ശരിയാണ്. കുടിവെള്ളത്തിന്റെ കാര്യത്തിൽ ഏറ്റവും പ്രയാസമനുഭവപ്പെടുന്ന ഒരു സ്ഥലമാണത്. അവിടെ ഗവൺമെന്റിന് ചെയ്യാൻ പറ്റുന്ന ചില കാര്യങ്ങൾ അങ്ങയെക്കൂടി ബോദ്ധ്യപ്പെടുത്തി ചെയ്തിട്ടുണ്ട്. കനാൽ നീട്ടുന്നതിനുള്ള നടപടികൾ ഗവൺമെന്റ് ചെയ്തിട്ടുണ്ട്. അതേസമയം വേനൽക്കാലത്ത് അടിയന്തിരമായി ശുദ്ധജലവിതരണം നടത്തുന്നതിനായി ക്യാബിനറ്റ് കൂടി ഓരോ ജില്ലയിലും മന്ത്രിമാരെ നിയോഗിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയുടെ ചാർജ്ജ് ബഹുമാനപ്പെട്ട ഒരു മന്ത്രിക്ക് കൊടുത്തിട്ടുണ്ട്. ജനപ്രതിനിധികളുടെ യോഗം വിളിച്ചുകൂട്ടണമെന്നുള്ളതാണ് അന്നുണ്ടായിട്ടുള്ള ധാരണ. ഏതാനും ദിവസങ്ങൾക്കുള്ളിൽ പാലക്കാട് ജില്ലയിലെ ജനപ്രതിനിധികളുടെ യോഗം വിളിച്ചുകൂട്ടി വേനൽക്കാലത്ത് യുദ്ധകാലാടിസ്ഥാനത്തിൽ ശുദ്ധജലം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, പൊതുജനാരോഗ്യ എൻജിനീയറിംഗ് ഡിപ്പാർട്ടുമെന്റ് ആയിരുന്ന കാലത്ത് ഡ്രെയിനേജ്, സിവറേജ് എന്നിവ ആ ഡിപ്പാർട്ടുമെന്റിന്റെ പ്രധാനപ്പെട്ട ചുമതലകളിൽ ആയിരുന്നു. അതിനെത്തുടർന്നാണ് തിരുവനന്തപുരം, കൊല്ലം, കോഴിക്കോട് പദ്ധതികൾ ആരംഭിച്ചത്. വാട്ടർ അതോറിറ്റി വേസ്റ്റ് വാട്ടർ അതോറിറ്റിയായപ്പോൾ അതിന്റെ സങ്കൽപ്പം മാറി. അതിപ്പോൾ വെറും വാട്ടർ അതോറിറ്റിയായി മാറി. നഗരവും

LIBRARY ARCHIVES Kerala Legislative Assembly

ഗ്രാമവും തമ്മിൽ വ്യത്യാസമില്ലാത്ത കേരളം പോലുള്ള സംസ്ഥാനത്ത് ബൃഹത്തായ സിവറേജ് ഡ്രെയിനേജ് പദ്ധതികൾ ഏറ്റെടുത്തില്ലെങ്കിൽ ഗുരുതരമായ പ്രത്യാഘാതമുണ്ടാകുമെന്നുള്ളതുകൊണ്ട് ഇതിന് പ്രത്യേകമായ ഒരു സംവിധാനം ഉണ്ടാക്കുന്ന കാര്യം ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അങ്ങ് പറഞ്ഞത് ശരിയാണ്. വാട്ടർ വേസ്റ്റ് വാട്ടർ ആകുന്നതിനുമുമ്പ് അങ്ങ് പി.എച്ച്.ഇ.ഡി.-ൽ ദീർഘകാലമായി ഇതുമായി ബന്ധപ്പെട്ട മന്ത്രിയായിരുന്നു. അപ്പോൾ എന്നെക്കാൾ കൂടുതൽ അനുഭവമുള്ള ഒരു വ്യക്തി എന്നുള്ള നിലയിൽ അങ്ങയുടെ അനുഭവങ്ങൾ പൂർണ്ണമായും ഞാൻ മാനിക്കുകയും ചെയ്യുന്നു. അതിന് ഗവൺമെന്റിന് ആവുന്ന വിധത്തിലുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, കൊല്ലം നഗരം മഹാനഗരമായി പ്രഖ്യാപിച്ചിട്ട് അഞ്ച് വർഷം തികഞ്ഞിരിക്കുകയാണ്. രണ്ട് വർഷം മുമ്പ് അന്നത്തെ മന്ത്രി ഇവിടെ പറഞ്ഞ മറുപടി ഒരു വർഷത്തിനകം അതിന്റെ നടപടികൾ പൂർത്തീകരിക്കുമെന്നായിരുന്നു. ഇതുവരെ ഒരു നടപടിയും ഉണ്ടായിട്ടില്ല. പട്ടത്താനം എന്ന സ്ഥലത്ത് രണ്ട് ഏക്കർ പുരയിടം ട്രീറ്റ്മെന്റ് പ്ലാന്റിനുവേണ്ടി വാങ്ങിയിട്ട് ചില തർക്കങ്ങൾമൂലം അവിടെ പണി ആരംഭിക്കാൻ കഴിയാത്തതുകൊണ്ട് കുരീപ്പുഴയിലേക്ക് കൊണ്ടുപോകാൻ തീരുമാനമെടുത്തിരിക്കുകയാണ്. 50 വാർഡുകളുള്ള കൊല്ലം നഗരത്തിലെ വേസ്റ്റുകളെല്ലാം കടലിലേക്ക് ഡംപ് ചെയ്ത് പോകാനുള്ള ഒരു ബൃഹത് പദ്ധതി 1978-ലാണ് ആരംഭിച്ചത്. കോടിക്കണക്കിന് രൂപ മണ്ണിനടിയിൽ കല്ലും മണ്ണുമായി കിടക്കുകയാണ്. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി ഒരു യോഗം വിളിച്ചുകൂട്ടി തീരുമാനമെടുത്ത് മുന്നോട്ട് പോകുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അങ്ങ് പറഞ്ഞതുപോലെ കോൺഫറൻസ് വിളിച്ചുകൂട്ടുന്നതിൽ ബുദ്ധിമുട്ടില്ല. നിശ്ചയമായും കോൺഫറൻസ് വിളിക്കാം. പക്ഷേ സ്ഥലങ്ങൾ തമ്മിലുള്ള തർക്കം വന്നാൽ ഗവൺമെന്റിന് ബുദ്ധിമുട്ട് വരും. വേസ്റ്റ് വാട്ടർ ഉൾക്കൊള്ളുന്ന പ്ലാന്റ് സ്ഥാപിക്കാൻ ജനങ്ങൾ എപ്പോഴും സമ്മതിക്കുകയില്ല. അപ്പോൾ പൗരപ്രതിരോധം നിശ്ചയമായും ഈ രംഗത്തുണ്ടാകുന്നുണ്ട്. അത് സോൾവ് ചെയ്യാൻ ജനപ്രതിനിധികളുടെയും കൂടി സഹായമുണ്ടെങ്കിലേ സാദ്ധ്യമാകൂ. അങ്ങും മുൻകൈയെടുക്കണം. ബഹുമാനപ്പെട്ട എ. എ. അസീസും ഇതിനെക്കുറിച്ച് ഒരു നിർദ്ദേശം പറഞ്ഞു. അംഗങ്ങളുടെയെല്ലാവരുടേയും ഒരു കോമൺ കൺസെൻസോടുകൂടി ഇക്കാര്യത്തിൽ ഒരു തീരുമാനമെടുക്കാം.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, വരൾച്ച രൂക്ഷമായ സന്ദർഭത്തിൽ യുദ്ധകാലാടിസ്ഥാനത്തിൽ ചില നടപടികൾ സ്വീകരിക്കുന്നുവെന്നും ഓരോ ജില്ലയ്ക്കും മന്ത്രിമാരെ പ്രത്യേകം നിയോഗിച്ചിട്ടുണ്ടെന്നും പറഞ്ഞതുകൊണ്ടാണ് ഞാൻ ഇത് ചോദിക്കുന്നത്. മന്ത്രിമാരെ ചുമതലപ്പെടുത്തിയത് നല്ല കാര്യം.

LIBRARY ARCHIVES Kerala Legislative Assembly

പക്ഷേ യുദ്ധകാലാടിസ്ഥാനത്തിൽ അവിടെ പ്രവർത്തനങ്ങൾ നടത്താൻ പണം അനുവദിക്കേണ്ടേ? സാധാരണ എല്ലാ വർഷവും ജനുവരി മാസത്തിൽ പ്രത്യേകമായി രണ്ടോ മൂന്നോ കോടി രൂപ വീതം വരൾച്ചയുടെ രൂക്ഷതനോക്കി അതാത് ജില്ലകൾക്ക് അനുവദിക്കാറുണ്ട്. എന്നാൽ ഈ വർഷം മാർച്ച് മാസം അവസാനിക്കാറായിട്ടും ഗവൺമെന്റ് ഫണ്ട് അനുവദിച്ചിട്ടില്ല. അതുകൊണ്ട് ജില്ലകളിൽ കണ്ടെത്തിയിട്ടുള്ള പ്രൊപ്പോസലുകൾ നടപ്പാക്കാൻ പറ്റാത്ത ഒരു സാഹചര്യം നിലനിൽക്കുന്നതുകൊണ്ട് അടിയന്തിരമായി ഫണ്ട് അനുവദിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഡിസ്ട്രസ് മാനേജുമെന്റിന്റെ വകുപ്പാണ് അതിനെക്കുറിച്ച് ഉത്തരം പറയേണ്ടത്. എങ്കിലും ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുമായി ഈ കാര്യം സംസാരിക്കുന്നതാണ്; ആവശ്യമായ നടപടികൾ വാട്ടർ റിസോഴ്സസ് ഡിപ്പാർട്ട്മെന്റിൽ നിന്ന് എടുക്കുന്നതാണ്.

ശ്രീ. എ. സുജനപാൽ: സർ, കോഴിക്കോട് സീവറേജ് പദ്ധതികളെക്കുറിച്ച് അങ്ങ് ഇവിടെ പറയുകയുണ്ടായി. അങ്ങ് ചാർജ്ജെടുക്കുന്നതിന് മുമ്പ് ശ്രീ. ടി. എം. ജേക്കബ് മന്ത്രിയായിരുന്ന കാലത്ത് ഒരു കോൺഫറൻസ് റിളിച്ചുകൂട്ടുകയുണ്ടായി. അതിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തു നിന്നുതന്നെ ഒരു നിർദ്ദേശം വന്നിരുന്നു. കോടിക്കണക്കിന് രൂപയുടെ സാമ്പത്തിക ബാധ്യത വരുന്ന പദ്ധതിയാണ്. കേരളത്തിലെ എല്ലാ നഗരങ്ങളിലും ഈ പ്രശ്നം നിലനിൽക്കുകയാണ്. ജനപങ്കാളിത്തത്തോടുകൂടി സെസ്സ് പിരിച്ച് ഇത് നടപ്പാക്കണമെന്നുള്ള നിർദ്ദേശം വരികയുണ്ടായി. അത് ഗവൺമെന്റ് പരിശോധിക്കുന്നുണ്ടോ, അത് നടപ്പാക്കാനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഈ രംഗത്ത് എന്റെ മുൻഗാമി ശ്രീ. ടി. എം. ജേക്കബ് നല്ല ചില പ്രവർത്തനങ്ങൾ ചെയ്തിട്ടുണ്ട്. ഞാൻ അതിനെ ശ്ലാഘിക്കുകയാണ്. സൗകര്യങ്ങൾ കൊടുക്കാതെ ആദ്യം തന്നെ സെസ്സ് പിരിക്കാൻ പോയാൽ ജനങ്ങളിൽ നിന്നും ഉണ്ടാകുന്ന പ്രതികരണം ഗുണകരമാവില്ല. അതുകൊണ്ട് കുറെ നടപടികൾ നടത്താൻ വേണ്ടി നമ്മൾ മുന്നോട്ട് പോകണം. ചാർജ്ജ് ഈടാക്കുന്ന സമയത്ത് സെസ്സ് എന്ന പൊതുധാരണ വരികയാണെങ്കിൽ അതിനെക്കുറിച്ച് ആലോചിക്കാം. ബഹുജന സംഘടനകളും ജനപ്രതിനിധികളുമായി ആലോചിച്ച് അവരുമായുള്ള ചർച്ചയുടെ അടിസ്ഥാനത്തിൽ അതിനുള്ള നടപടികളുമായി മുന്നോട്ട് പോകാം.

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ: സർ, വളരെ ദയനീയമായ ഒരു പ്രശ്നത്തിന് പരിഹാരമുണ്ടാകാനാണ് ഞാൻ ഈ ചോദ്യം ചോദിക്കുന്നത്. ഗുരുവായൂർ ടൗൺഷിപ്പിലെ നൂറുകണക്കിന് ലോഡ്ജുകളിൽ നിന്നും സമീപ പ്രദേശങ്ങളിൽ നിന്നും വരുന്ന വേസ്റ്റ് വാട്ടറും മറ്റ് പ്ലാസ്റ്റിക് സാധനങ്ങളും ഡംപ് ചെയ്യുന്നത് എന്റെ നിയോജകമണ്ഡലത്തിലെ തൈക്കാട് പഞ്ചായത്തിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

ചക്ക്കണ്ടം പ്രദേശത്താണ്. അവിടെ സ്ഥിരമായി കോളറയും മഞ്ഞപ്പിത്തവും പിടിപെടുകയാണ്. 1975-ൽ ഈ പ്രശ്നം പരിഹരിക്കാൻ വേണ്ടി ചക്ക്കണ്ടം മലിനീകരണ പ്ലാന്റ് സ്ഥാപിക്കാൻ തീരുമാനിക്കുകയും ലക്ഷക്കണക്കിന് രൂപ ചെലവ് ചെയ്യുകയും ചെയ്തു. പക്ഷേ ഇന്നും ഈ പ്രശ്നത്തിന് ഒരു പരിഹാരമുണ്ടായിട്ടില്ല. അടിയന്തിരമായി ഈ പ്രശ്നം പരിഹരിക്കാൻ ബഹുമാനപ്പെട്ട മന്ത്രി നടപടി സ്വീകരിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ ഇന്നലെ ശ്രീ. പി. കെ. കെ. ബാവയുടെ ഒരു സബ്മിഷന് മറുപടിയായി പറഞ്ഞിരുന്നതാണ്. ഗുരുവായൂർ അഴുക്കുചാൽ പദ്ധതി വളരെ പഴക്കംചെന്നതാണ്. ആ പദ്ധതി നടപ്പിലാക്കാത്തതിനെപ്പറ്റിയാണ് ശ്രീ. പി. കെ. കെ. ബാവ ഇവിടെ സൂചിപ്പിച്ചത്. അത് നടപ്പിലാക്കിയാലുള്ള പ്രശ്നത്തെക്കുറിച്ചാണ് ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ ഇവിടെ പറയുന്നത്. രണ്ട് ഭാഗത്തുമുള്ള വാദഗതികൾ ഒരുമിച്ച് കേൾക്കേണ്ടതായിട്ടുണ്ട്. അഴുക്കുചാൽ ചെന്നുപെടുന്നത് അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട ഒരു സ്ഥലത്താണ്. അതുകൊണ്ട് അവിടെ ജനങ്ങൾക്ക് അഭിപ്രായ വ്യത്യാസമുണ്ടെന്നുള്ളതാണ് ശ്രീ. എം. കെ. പോൾസൺ മാസ്റ്ററുടെ നിലപാട്. എന്നാൽ ശ്രീ. പി. കെ. കെ. ബാവ എടുക്കുന്ന നിലപാട് ആ പദ്ധതി കഴിയുന്നത്ര വേഗത്തിൽ നടപ്പിലാക്കണമെന്നാണ്. ഇത് രണ്ടുംകൂടി മനസ്സിലാക്കി, 6-ാം തീയതി ഉദ്യോഗസ്ഥന്മാരുടെ തലത്തിൽ തിരുവനന്തപുരത്ത് ഒരു കോൺഫറൻസ് വിളിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഗുരുവായൂരിൽ വരികയും അവിടെ ബന്ധപ്പെട്ട മന്ത്രിമാരുടേയും മറ്റ് ഉദ്യോഗസ്ഥന്മാരുടേയും യോഗം വീണ്ടും ചേരുകയും ചെയ്യും. അവിടെ വച്ച് ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ കഴിയുമെന്നുള്ളതാണ് ഗവൺമെന്റിന്റെ പ്രതീക്ഷ.

ശ്രീ. പി. എസ്. സുപാൽ: സർ, കേരളത്തിൽ ഏറ്റവും കൂടുതൽ ചൂടും വരൾച്ചയും അനുഭവപ്പെടുന്ന സ്ഥലമാണ് പുനലൂർ. അതുകൊണ്ട് ഒരു പ്രത്യേക പരിഗണന കൊടുത്തുകൊണ്ട് അടിയന്തിരമായി ജില്ലാതലത്തിൽ മീറ്റിംഗ് വിളിച്ചുകൂട്ടി പുനലൂരിലും കൊല്ലം ജില്ലയിലും കുടിവെള്ള പ്രശ്നം സംബന്ധിച്ച് തീരുമാനമുണ്ടാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഞാൻ നേരത്തേതന്നെ പറഞ്ഞു. ഓരോ ജില്ലയിലും ഓരോ മന്ത്രിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൊല്ലത്ത് ശ്രീ. ബാബു ദിവാകരനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. നിയമസഭാ സമ്മേളനം കഴിഞ്ഞാലുടൻ ജില്ലാതല കോൺഫറൻസ് വിളിച്ചുകൂട്ടി ജനപ്രതിനിധികളുടെ കൂടെ അഭിപ്രായം ആരായും. അതിനുശേഷം ഗവൺമെന്റ് നടപടികളുമായി മുന്നോട്ട് പോവുക എന്നുള്ളതാണ് കാബിനറ്റിന്റെ തീരുമാനം. ആ തീരുമാനം നടപ്പാകും. അതിനുള്ള നടപടികളിലേക്കാണ് നീങ്ങുന്നത്. പുനലൂരിലെ ഒരു കാര്യം അങ്ങ് പറയാൻ വിട്ടുപോയി. നമ്മൾ തന്നെ ഒരു ചർച്ച വച്ചിരുന്നതാണ്. അങ്ങും പങ്കെടുത്തിരുന്നതാണ്. ഉദ്യോഗസ്ഥന്മാരും ഉണ്ടായിരുന്നു. അവിടെ ഒരു പെറിയ

LIBRARY ARCHIVES Kerala Legislative Assembly

പ്രശ്നം മാത്രമേയുള്ളൂ. പഴയ എ. എസ്. കിട്ടിയ ഒരു വർക്കിന് രണ്ടാമത് എ. എസ്. വേണമെന്നുള്ള നിബന്ധന വന്നുപെട്ടു എന്നുള്ളതാണ് ഇതിൽ വന്നിരിക്കുന്ന പ്രശ്നം. ഡിപ്പാർട്ടുമെന്റ് ആ പ്രശ്നത്തിന് കൂടി നിയമപരമായ പരിഹാരമുണ്ടാക്കാനുള്ള ശ്രമത്തിലാണ്. ആ കുരുക്കു കൂടി അഴിച്ച് പുനലൂരിലെ വാട്ടർ സപ്ലൈ പദ്ധതിയുടെ പണി ആരംഭിക്കുന്നതിനുവേണ്ടി നമുക്ക് മുന്നോട്ട് നീങ്ങാം.

ശ്രീ. ടി. എം. ജേക്കബ്: ശ്രീ. സുജനപാൽ ചോദിച്ച ഉപചോദ്യമാണ് ഇത് പോദിക്കാൻ എന്നെ പ്രേരിപ്പിച്ചത്. സീവറേജിനെ സംബന്ധിച്ചിടത്തോളം മറ്റ് ധനകാര്യ സ്ഥാപനങ്ങളോ, ഏജൻസികളോ പണം നൽകുകയില്ല എന്ന സാഹചര്യത്തിലാണ് മൂന്ന് മേജർ കോർപ്പറേഷനുകളിലെങ്കിലും ഈ പദ്ധതി ആരംഭിക്കണമെന്നുള്ള നിർദ്ദേശം വരികയും കോർപ്പറേഷന്റെ കൂടി സഹകരണത്തോടുകൂടി ഇത് ആരംഭിക്കാനും അതിലേക്കായി സെസ്സ് ഏർപ്പെടുത്തണമെന്നുമുള്ള പ്രൊപ്പോസൽ സജീവ പരിഗണനയ്ക്ക് വന്നത്. കോഴിക്കോട് മലയാള മനോരമ സംഘടിപ്പിച്ച ഒരു പ്രോഗ്രാമിൽ വച്ച് ഇക്കാര്യം പറഞ്ഞപ്പോൾ, ആ യോഗത്തിൽ വച്ച് അവിടുത്തെ മേയർ ഇതിന് പൂർണ്ണ സഹകരണം ഉണ്ടെന്ന് ഞങ്ങളോട് പറഞ്ഞു. എല്ലാ മേയർമാരും ഇതിനോട് സഹകരിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഈ പ്രപ്പോസൽ പഴയകാലത്തേ നിലനിൽക്കുന്നതുകൊണ്ട് അത് ഒന്നുകൂടി റിവൈവ് ചെയ്താൽ ഈ പ്രശ്നത്തിന് കുറേയെങ്കിലും പരിഹാരം ഉണ്ടാക്കാൻ സാധിക്കുമെന്ന് തോന്നുന്നു. അതിനുള്ള ശ്രമം നടത്തുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അങ്ങ് പറഞ്ഞതുപോലെ അവിടെ പൊതുവായ ധാരണ ഉണ്ടാകുകയാണ്. കോർപ്പറേഷൻ അല്ലെങ്കിൽ നമ്മുടെ ത്രിതല പഞ്ചായത്ത് സമിതികൾക്ക് സെസ്സ് ഏർപ്പെടുത്തുന്നതിനെക്കുറിച്ച് പോസിറ്റീവായിട്ടുള്ള അഭിപ്രായമാണുള്ളതെങ്കിൽ നമുക്ക് ഈ രംഗത്ത് മുന്നോട്ട് പോകാൻ തടസ്സമുണ്ടാകുകയില്ല. ഞാൻ പറഞ്ഞത് ജനങ്ങൾക്ക് ഭിന്ന അഭിപ്രായം ഉണ്ടാകുകയും നമ്മൾ എടുത്ത പദ്ധതികൾ പൂർത്തിയാക്കാൻ കഴിയാതെ വരികയും ചെയ്യുന്ന, ഒരു ഹാഫ് വേയിൽ നിൽക്കുന്ന സാഹചര്യം ഉണ്ടാകരുത്. അതിനുമുൻപ് ഒരു കൺസെൻസസ് ഉണ്ടാകണം. ഇക്കാര്യത്തിൽ വളരെ നല്ല നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. ഞാൻ നേരത്തേ തന്നെ ഒരു കാര്യത്തെക്കുറിച്ച് ഓർമ്മിപ്പിച്ചു. അത് തുടർന്ന് പോകുന്നതിൽ ഒരു ബുദ്ധിമുട്ടും ഇല്ല. പക്ഷെ ജനങ്ങൾക്ക് ഒരു കൺസെൻസസ് ഉണ്ടാക്കണം. ജനപ്രതിനിധികൾക്ക് ഇതിനകത്ത് ഒരു യോജിച്ച തീരുമാനമാണെങ്കിൽ ഗവൺമെന്റ് ഈ പദ്ധതിയുമായി മുന്നോട്ട് പോകും.

ശ്രീ. പി. സി. ജോർജ്ജ്: ബഹുമാനപ്പെട്ട മന്ത്രി കോട്ടയം ജില്ലക്കാരനാണ്. ഞങ്ങൾ ഒരു ലെറ്റർ കൊടുത്തിരിക്കുകയാണ്. അദ്ദേഹത്തിന്റെ ജില്ലയായ കോട്ടയം ജില്ലയിൽ ഒരു കുടിവെള്ള പദ്ധതിയും ഇല്ല. വെള്ളത്തിനുവേണ്ടി വിഷമിക്കുന്ന,

LIBRARY ARCHIVES Kerala Legislative Assembly

ഒരു പദ്ധതിയും ഇല്ലാത്ത ജില്ലയായി കോട്ടയം ജില്ല മാറിയിരിക്കുന്നു. മണൽ മാഫിയയും എല്ലാം കൂടി ചേർന്ന് സ്ഥിതി കൂടുതൽ രൂക്ഷമാക്കിയിട്ടുണ്ട്. മീനച്ചൽ റിവർവാലി പദ്ധതി ഒരു കാരണവശാലും നടപ്പാക്കാൻ പറ്റാത്ത ഒരു പദ്ധതിയായിട്ടാണ് ആദ്യം ഇറങ്ങിയത്. പക്ഷെ പിന്നീട് ഇത് ജനങ്ങൾ എതിർത്തു. ഗവൺമെന്റിനും അത് അബദ്ധമാണെന്ന് മനസ്സിലായി. വേണ്ടെന്ന് വച്ച ആ പദ്ധതിക്കുവേണ്ടി വൻ തുരങ്കമുണ്ടാക്കി വെള്ളം കൊണ്ടുവന്ന് കോട്ടയം ജില്ലയിലെ കുടിവെള്ള പ്രശ്നത്തിന് ഒരു പരിഹാരം ഉണ്ടാക്കാനുള്ള ആലോചന ഉണ്ടായിരുന്നു. ഇപ്പോൾ ആ പദ്ധതിയോട് ഗവൺമെന്റിന്റെ കാഴ്ചപ്പാട് എന്താണ്? ഇതിന് നടപടികൾ വല്ലതും ആയിട്ടുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: മീനച്ചൽ റിവർവാലി പദ്ധതിയെക്കുറിച്ചാണ് പറയുന്നത്. ആ പദ്ധതി നടപ്പാക്കുന്നതിനുവേണ്ടിയുള്ള പ്രാഥമിക നടപടികളുമായി മുന്നോട്ട് പോകണമെന്നുള്ളതാണ് ഗവൺമെന്റിന്റെ നിലപാട്. അങ്ങ് സൂചിപ്പിച്ചതുപോലെ തന്നെ മൂലമറ്റത്തുനിന്ന് ആറ് കിലോമീറ്റർ ടണൽ ഉണ്ടാക്കിയാൽ മീനച്ചൽ ആറ്റിലേക്ക് വെള്ളം ഒഴുക്കുവാൻ കഴിയും. ഈ വെള്ളം ഒഴുക്കണമെന്ന് ഉറപ്പാക്കിക്കഴിഞ്ഞാൽ നദിയിൽ ഇപ്പോഴുള്ള ശുദ്ധജല പദ്ധതികൾക്കും അതോടൊപ്പം ഇതുമായി ബന്ധപ്പെട്ട ജലസേചന പദ്ധതികൾക്കും എല്ലാം നമുക്ക് പ്രയോജനം ലഭിക്കും. അതുകൊണ്ട് ഗവൺമെന്റിന്റെ പരിഗണനയിൽ അത് ഗൗരവമായിട്ടുണ്ടെന്ന് മാത്രമല്ല അങ്ങയേയും സഭയേയും അറിയിക്കുന്നതിനുവേണ്ടി ഒരുകാര്യം പറയുന്നു, ഇതിന്റെ ഇൻവെസ്റ്റിഗേഷൻ ആരംഭിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ഗവൺമെന്റ് ആരംഭിച്ചിട്ടുണ്ട്.

ശ്രീ. കെ. എൻ. എ. ഖാദർ: വെള്ളം കുടിക്കാൻ ഉപയോഗിക്കുകയും മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുകയും ചെയ്യുന്നതിന്റെകൂടെ കളിക്കാൻ വേണ്ടി ധാരാളം വെള്ളം ഉപയോഗിക്കുന്നു, വാട്ടർ തീം പാർക്കുകൾ കേരളത്തിൽ ധാരാളം ഉണ്ട്. വാട്ടർ തീം പാർക്കുകൾ കേരളത്തിൽ ഇനിയും പുതിയതായി ഉണ്ടായി വരികയാണ്. കണ്ണൂരിൽ ഒരു പുതിയ വാട്ടർ തീം പാർക്ക് ഉണ്ടാക്കുകയും അതിനുവേണ്ടി ടണൽ കുഴിക്കുമ്പോൾ ജനങ്ങൾ തടുക്കുകയും ചെയ്ത സംഭവം ഉണ്ടായിട്ടുണ്ട്. വെള്ളത്തിന് ഇത്ര ക്ഷാമമുള്ള കാലത്തും വാട്ടർ തീം പാർക്കുകൾക്ക് വെള്ളം ഉപയോഗിക്കുന്നത് സംബന്ധിച്ചും, മലിനജലം ഒഴുക്കുന്നത് സംബന്ധിച്ചും എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: നമ്മുടെ സംസ്ഥാനത്ത് ധാരാളം നീന്തൽകാർ ഉണ്ടാകട്ടെ; അതോടൊപ്പം വാട്ടർ തീം പാർക്കുമായി ബന്ധപ്പെട്ട് പോകുന്ന ആളുകൾക്ക്, അങ്ങനെയുള്ള ടാലന്റ് നമുക്ക് മാക്സിമം ഗുണകരമല്ലേ? സംസ്ഥാനത്തിന്റെ വികസനത്തിന് ഇതും ഉണ്ടാകട്ടെ. അത് നടപ്പായി ഒരു സ്റ്റേജിൽ എത്തുമ്പോൾ ഗവൺമെന്റിന് ഇക്കാര്യത്തിൽ ഒരു തീരുമാനമെടുക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞാൽ നമുക്ക് at the point of time - ൽ ആലോചിക്കാം. ഇപ്പോഴേ തുടങ്ങാൻ പോകുന്ന പദ്ധതിയെ തകർക്കത്തക്ക വിധത്തിലുള്ള ഒരു തീരുമാനം ഗവൺമെന്റ് എടുക്കുന്നത് ശരിയല്ല. അതോടൊപ്പം നേരത്തേ പറഞ്ഞതുപോലെ പുതിയ പ്രൊപ്പോസൽസ് എന്തെങ്കിലും ഉണ്ടെങ്കിൽ ഗൗരവതരമായി അവയും ആലോചിക്കാം.

ശ്രീ. ഇസ്ഹാക് കുരിക്കൾ: വർഷങ്ങൾക്കുമുൻപ് പ്രവർത്തനം ആരംഭിച്ച പദ്ധതിയാണ് ചീക്കോട് വാട്ടർ സപ്ലൈ സ്കീം. എന്റേയും ശ്രീ. വി. കെ. സി. മമ്മത് കോയ സാഹിബിന്റേയും മണ്ഡലത്തിൽ വെള്ളം കൊടുക്കുന്ന പ്രത്യേകിച്ച് ചീക്കോട്, അഴീക്കോട്, കുഴിമണ്ണ തുടങ്ങിയ പഞ്ചായത്തുകളിലെ പാവപ്പെട്ട ജനങ്ങൾക്ക് കുടിവെള്ളം കൊടുക്കുന്ന ചാലിയാറിലൂടെ ഒഴുകിപ്പോകുന്ന വെള്ളം ശുദ്ധീകരിച്ച് അവർക്ക് നൽകുന്ന ആ പദ്ധതിയുടെ ഏതാണ്ട് 90% പ്രവർത്തനവും പൂർത്തിയായിട്ടുണ്ട്. തൊണ്ട് തടഞ്ഞ് കപ്പൽ നിൽക്കുന്നു എന്ന് നമ്മൾ കേട്ടിട്ടുണ്ട്—അതിന് ഒരു പരിഹാരം കാണാൻ അങ്ങ് വിശദമായ ഒരു യോഗം വിളിക്കുമോ? അല്ലെങ്കിൽ ഇത് നടപ്പാക്കാൻ ഗവൺമെന്റ് സത്വര നടപടികൾ സ്വീകരിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ബിവറേജിനെക്കുറിച്ചുള്ള ചോദ്യമാണ്. ബഹുമാനപ്പെട്ട അംഗം വളരെ സീനിയറായിട്ടുള്ള ആളാണ്. അദ്ദേഹത്തിന് sentimental attachment ഉള്ള പദ്ധതിയാണ്. ആ പദ്ധതിയെക്കുറിച്ച് യോഗം വിളിച്ചു കൂട്ടണമെന്ന് ബഹുമാനപ്പെട്ട കുരുക്കളും ശ്രീ. വി. കെ. സി.യും അടക്കമുള്ള എം.എൽ.എ. മാർ ആവശ്യപ്പെട്ടിരുന്നു. അങ്ങ് ആവശ്യപ്പെട്ടതുപോലെ തന്നെ ഗവൺമെന്റ് ഒരു യോഗം വിളിച്ചുകൂട്ടുന്നതാണ്. ആ പദ്ധതി മുന്നോട്ട് പോകുന്നതിനുള്ള നടപടികളെക്കുറിച്ച് ആ യോഗത്തിൽ വച്ച് ആലോചിക്കാവുന്നതാണ്.

[അദ്ധ്യക്ഷവേദിയിൽ ബഹുമാനപ്പെട്ട സ്പീക്കർ]

നദികൾ മാലിന്യ വിമുക്തമാക്കുന്നതിന് നടപടി

*2 [T652] *ശ്രീ. എം. മുരളി:*
ശ്രീമതി രാധാരാഘവൻ:
ശ്രീ. എം. എം. ഹസ്സൻ:
,, *ലൂഡി ലൂയിസ് :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നദികൾ മാലിന്യവിമുക്തമാക്കുന്നതിന് കേന്ദ്രം അനുവദിച്ച തുകയിൽനിന്ന് ഈ വർഷം സംസ്ഥാനത്തിനു ലഭിക്കുന്ന വിഹിതം എത്രയാണ്;

(ബി) ഏതെല്ലാം നദികളെ മാലിന്യവിമുക്തമാക്കുന്നതിനാണ് ഈ തുക ലഭിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly